# ജലാസ്റ്റിൻ സ്റ്റിക്ക്, ഡിറ്റണേറ്റർ മോഷണം മോഷ്ടാക്കൾ പിടിയിൽ

പാറമടയിൽ ഉപയോഗിക്കുന്ന സ്ഫോടക വസ്തുക്കളായ ജലാസ്റ്റിൻ സ്റ്റിക്ക്, ഡിറ്റണേറ്റർ എന്നിവ മോഷ്ടിച്ച ആറുപേരെ ഇടുക്കി ജില്ലാപോലീസ് ചീഫിന്റെ സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളുടേയും, ഉടുമ്പൻചോല പോലീസ്സ്റ്റേഷൻ സ്ക്വാഡ് അംഗങ്ങളുടേയും അന്വേഷണ മികവിൽ അറസ്റ്റ് ചെയ്തു.



കുറ്റകൃത്യം നടത്തിയശേഷം മൊബൈൽ ഫോണിലൂടെ നടത്തുന്ന ആശയവിനിമയങ്ങൾ കണ്ടെത്തുന്നതിനായി പോലീസ് ഉപയോഗിക്കുന്ന നൂതന സംവിധാനമായ 'സ്പെക്ട്ര'-യുടെ സഹായം അന്വേഷണത്തിൽ വഴിത്തിരിവായി. ഇടുക്കി സൈബർ സെൽ ഉദ്യോഗസ്ഥർ ഉൾപ്പെട്ട സ്ക്വാഡ് അംഗങ്ങളുടെ ശാസ്ത്രീയവും, സാങ്കേതികവുമായ നിരീക്ഷണ അന്വേഷണങ്ങൾ വളരെ വേഗം പ്രതികളെ കണ്ടെത്താൻ സഹായിച്ചു.



ജില്ലാ പോലീസ് മേധാവി ശ്രീ. നാരായണൻ ഐ.പി.എസ് അവർകളുടെ നേതൃത്വത്തിൽ മൂന്നാർ ഡി.വൈ.എസ്.പി ശ്രീ. രമേഷ് കുമാർ, ഉടുമ്പൻചോല പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ശ്രീ. അനിൽ ജോർജ്ജ്, ഇടുക്കി സൈബർ സെൽ

സബ്ഇൻസ്പെക്ടർ ശ്രീ.ജോബി തോമസ്, അസിസ്റ്റന്റ് സബ്ഇൻസ്പെക്ടർമാരായ ശ്രീ. സി.വി ഉലഹന്നാൻ, ശ്രീ. സജി .എൻ പോൾ, ശ്രീ. എം.ആർ സതീഷ്, ശ്രീ. തങ്കച്ചൻ മാളിയേക്കൽ, ശ്രീ. പി.എച്ച് ഇബ്രാഹിം എന്നിവരും മറ്റുപോലീസ് ഉദ്യോഗസ്ഥരായ ശ്രീ. ടി.എസ് രാജൻ, ശ്രീ. സലീൽ രവി, ശ്രീ. എ.സജി, ശ്രീ. സി.വി സനീഷ്, ശ്രീ. എസ്.ഷമീർ എന്നീ ഉദ്യോഗസ്ഥരും അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നു.

നെടുങ്കണ്ടം : ചതുരംഗപ്പാറയിലെ പാറമടയിൽ നിന്നും സ്ഫോടക വസ്തുക്കൾ മോഷ്ടിച്ച് വിൽപ്പന നടത്തിയ ആറ് പേർ അറസ്റ്റിൽ. ചതുരംഗപ്പാറ എംബിഎം പാറമട ജീവനക്കാരായ ആദിയാർപുരം ചേരിക്കൽ രതീഷ് (34), സന്യാസിയോട പനക്കസിറ്റി പുത്തൻപുരക്കൽ സതീഷ് (രതീഷ് 35), കോഴിക്കോട് പുളിക്കൽ അത്തൂർകുന്ന് ഈട്ടിപറമ്പിൽ വിശ്വനാഥൻ (50), ആദിയാർപുരം ചേരിക്കൽ ശ്രീജിത്ത് (27), തൂക്കുപാലം പാട്ടപറമ്പിൽ ഭദ്രൻ (63), ബാലഗ്രാം പുതുപുരക്കൽ ശശിധരൻ (51) എന്നിവരാണ് അറസ്റ്റിലായത്.

ആറ് വർഷമായി പാറമടയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളും, ഡിറ്റണേറ്റർ വാങ്ങി വിൽപന നടത്തിയവരുമാണ് അറസ്റ്റിലായത്. രതീഷ്, സതീഷ്, വിശ്വനാഥൻ എന്നിവർ ആറാം തീയതി രാത്രി 11.45 ഓടെ ശ്രീജിത്തിന്റെ ജീപ്പിൽ മെറ്റൽ ക്രഷറിൽ എത്തി. അവിടെ നിർത്തിയിട്ടിരുന്ന ഹിറ്റാച്ചിയിൽ നിന്നും ചുറ്റിക എടുത്ത് ഗോഡൗണിന്റെ പൂട്ടു തകർത്താണ് 100 കിലോ ജലാറ്റിൻ സ്റ്റിക്കും, 2000 ഡിറ്റണേറ്ററും എടുത്തത്. സ്ഫോടക വസ്തുക്കൾ രാത്രിയിൽ തന്നെ രതീഷിന്റെ വീട്ടിൽ എത്തിക്കുകയായിരുന്നു. 7ന് രാവിലെ തൂക്കുപാലം സ്വദേശി ഭദ്രനു 14000 രൂപയ്ക്കും ഡിറ്ററേറ്റകളും, ശശിധരന് 20,000 രൂപയ്ക്ക് ഡിറ്ററേറ്റകളും ജലാറ്റിനും വിൽപ്പന നടത്തി.

പ്രതികൾ ഭദ്രന് വിൽപന നടത്തിയ 11കിലോ ജലാറ്റിൻ സ്റ്റിക്കും, 100 ഡിറ്റണേറ്ററും, ബാലഗ്രാം സ്വദേശി ശശിക്കു പ്രതികൾ വിറ്റ 44 കിലോ ജലാറ്റിൻ സ്റ്റികും, 500 ഡിറ്റണേറ്ററും ഇരുവരുടേയും വീടുകളിൽ നിന്നും പൊലീസ് പിടിച്ചെടുത്തു. പ്രതികൾ സ്ഫോടക വസ്തുക്കൾ കടത്താൻ ഉപയോഗിച്ച ജീപ്പും പൊലീസ് സംഘം കസ്റ്റഡിയിൽ എടുത്തു.

വിൽപന നടത്തിയ കേന്ദ്രങ്ങളിൽ നിന്നും മോഷണം പോയ പകുതിലധികം ഡിറ്റണേറ്ററും ഉടുമ്പൻചോല പൊലീസ് കണ്ടെത്തി. ബാക്കി ഭാഗത്തിനായി ഹൈറേഞ്ച് മേഖലയിൽ പൊലീസ് അന്വേഷണം വ്യാപിപ്പിച്ചു. കൂടുതൽ അന്വേഷണത്തിനു സംസ്ഥാന തലത്തിലുള്ള ഉദ്യോഗസ്ഥരുമായി ജില്ലാ പൊലീസ് കൂടിയാലോചന നടത്തും. പ്രതികളുടെ കൈവശത്തു നിന്നും സ്ഫോടക വസ്തു വാങ്ങിയവരുടെ വിവരങ്ങളും, ഇവർ നിരീക്ഷണത്തിലാണെന്നും പൊലീസ് അറിയിച്ചു.



ചതുരുംഗപ്പാറ പാറമട സ്ഫോടവസ്തു മോഷണ കേസിൽ അറസ്റ്റിലായവർ

മൂന്നാർ ഡിവൈഎസ്പി രമേഷ് കുമാർ, ഉടുമ്പൻചോല സിഐ അനിൽ ജോർജ്, ജില്ലാ പൊലീസ് മേധാവിയുടെ സ്പെഷൽ സ്ക്വാഡ് അംഗങ്ങളായ സൈബർ സെൽ എസ്ഐ ജോബി തോമസ്, എഎസ്ഐമാരായ സി വി ഉലഹന്നാൻ, സജി എൻ പോൾ, തങ്കച്ചൻ മാളിയേക്കൽ, എം ആർ സതീഷ്, സലീൽ രവി, ടി എസ് രാജൻ, ഉടുമ്പൻചോല സ്റ്റേഷനിലെ സ്ക്വാഡ് അംഗങ്ങളായ പി എച്ച് ഇബ്രാഹിം, എ സജി, സി വി സനീഷ്, എസ് ഷമീർ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

പ്രതികളെ ഇടുക്കി ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. സംസ്ഥാന എക്സ്പ്ലോസീവ് വിഭാഗവും സംഭവത്തെക്കുറിച്ച് അന്വേഷണം ആരംഭിച്ചു.

*******************